നൽകുന്നതിനായി സബ്സിഡിയായി ധനസഹായങ്ങൾ ആരംഭിക്കാനുള്ള വ്യവസ്ഥ കേരള സഹകരണ സംഘം ഭേദഗതി നിയമം 2013 (2013 ലെ 8-ാം നമ്പർ നിയമം)-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ലാസ്റ്റർ അംഗങ്ങളുടെ ക്ഷേമത്തിനായി സഹകരണ സംഘങ്ങൾ തമ്മിൽ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥയും 2013-ലെ കേരള സഹകരണ സംഘം ഭേദഗതി നിയമത്തിലെ വകുപ്പ് 14 ബി യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതിനായി സഹകരണ സംഘങ്ങൾക്ക് സബ്സിഡിയായി ധനസഹായങ്ങൾ ആരംഭിക്കുന്നതിനും സംഘങ്ങൾ തമ്മിലുള്ള പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനുമായി മേൽ പരാമർശിച്ച പ്രകാരം 2013-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) 2013-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമപ്രകാരം ഇതിലേക്കുള്ള വ്യവസ്ഥകൾ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(ഡി) 2013-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമപ്രകാരം സേവന മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് സബ്സിഡിയായി ധനസഹായങ്ങൾ രൂപീകരിക്കാനും പങ്കാളിത്ത വ്യവസ്ഥയിൽ പ്രവർത്തിക്കാനും കഴിയും. റിസർവ്വ് ബാങ്കിംഗ് നിയമം നിരോധിക്കുന്ന തരത്തിലുള്ള ബാങ്കിംഗ് സേവനങ്ങൾ എല്ലാം നൽകാതെ അംഗങ്ങളിൽനിന്നും നിക്ഷേപം സ്വീകരിച്ച് അംഗങ്ങൾക്ക് മാത്രം വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾക്കുമേൽ പരാമർശിച്ച നിയമ വ്യവസ്ഥകൾക്ക് പ്രകാരം അംഗങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

റാന്നി താലൂക്ക് തൊഴിൽദായക ക്ഷേമ സഹകരണ സംഘം

90 (3244) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ദേവസ്വം ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്ക് തൊഴിൽദായക ക്ഷേമ സഹകരണ സംഘം P.T.277 എന്ന പേരിൽ ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്തിട്ടുണ്ടോ;എങ്കിൽ എന്നാണ് ഇത് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ഏതു അംഗങ്ങളാണ് ഈ സംഘത്തിൽ ഉള്ളത്; ആരൊക്കെയാണ് പ്രൊമോട്ടർമാർ:

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംഘം തെരഞ്ഞെടുപ്പ് നടത്തിയിട്ടുണ്ടോ; ഏതു രീതിയിലുള്ള തെരഞ്ഞെടുപ്പാണ് നടന്നതെന്ന് വിശദമാക്കാമോ;

(സി) സംഘം തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേസ് ഹൈക്കോടതിയിൽ നിലനിൽക്കുന്നുണ്ടോ; തെരഞ്ഞെടുപ്പ് നടത്തുന്നതു സംബന്ധിച്ച് കോടതി എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിരുന്നോ; എങ്കിൽ എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിരുന്നതെന്ന വിശദമാക്കാമോ;

(ഡി) കോടതി നിർദ്ദേശങ്ങൾക്ക് അനുസൃതമായാണോ തെരഞ്ഞെടുപ്പും ഭരണപ്രക്രിയാനന്തരവും നടത്തിയത്; കേസിനെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; എന്നത്തേയ്ക്ക് ഹൈക്കോടതിയിൽ റിപ്പോർട്ട് നൽകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 23-3-2015-ൽ ആണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. നിലവിൽ 114 അംഗങ്ങൾ ഉണ്ട്.

പ്രൊമോട്ടർമാരുടെ വിവരം:

1. സാബു. പി. ജോയി, പാറാനിക്കൽ വീട്, റാന്നി പി.ഒ.

2. സന്തോഷ്കുമാർ. പി.എൻ., പാണ്ടർകിഴക്കേതിൽ, ഇടക്കുളം

3. രാജൻ പി. കെ, പാർണ്ണശ്രീ, മന്ദിരം പി.ഒ., റാന്നി

4. ജയകുമാരി എൻ. എസ്., കൃഷ്ണമംഗലം, തോട്ടമൺ, റാന്നി പി.ഒ.

5. പ്രഭാ. ജി. നായർ, വെട്ടിമേപ്രത്ത് വീട്, തോട്ടമൺ.

6. നിർമ്മലശ്രീ. ആർ, ശ്രീവത്സം, മുണ്ടപ്പുഴ, റാന്നി പി.ഒ.

7. തങ്കമണിജോയി, കടമ്മേത്ത്പുണ്ടിയിൽ, മന്ദിരം പി.ഒ.

8. കെ. വി. തോമസുകുട്ടി, കുഞ്ഞിക്കുഴിയിൽ, റാന്നി പി.ഒ.

9. കെ. എസ്. തോമസ്, പാറാനിക്കൽ ഗ്രീൻവ്യൂ, ഇടക്കുളം പി.ഒ.

10. എ. ഒ. ഉണ്ണികുട്ടൻ, ഇടശ്ശേരിയിൽ വീട്, തോട്ടമൺ, റാന്നി പി.ഒ.

LIBRARY ARCHIVES Kerala Legislative Assembly

11. ജെൻ സൈറിയ, കന്നിരിക്കൽ വീട്, തോട്ടമൺ, റാന്നി പി.ഒ.

12. വാസുദേവൻ വി. കെ. വിളയിൽ വീട്, ഉതിമൂട്, റാന്നി പി.ഒ.

13. പി. കെ. പുരുഷോത്തമൻ, കിഴക്കേമുറിയിൽ, റാന്നി പി. ഒ.

14. ഡോ. വി. ആർ. മോഹനൻ നായർ, വാണിയം പറമ്പിൽ, മന്ദിരം പി.ഒ.

15. ഷൈൻ ജി. കുറുപ്പ്, ഈട്ടിക്കാമറ്റത്തിൽ വീട്, മന്ദിരം പി.ഒ.

16. അഡ്വ. മുഹമ്മദ് മുസ്തഫ, പാമ്പുമ്മൂട്ടിൽ പുത്തൻവീട്, മന്ദിരം

17. സാബുകുട്ടി ജോയി, പുതുപറമ്പിൽ വീട്, മന്ദിരം പി.ഒ.

18. ശ്യാമള മോഹൻ, കിഴക്കേടത്ത്, തോട്ടമൺ, റാന്നി

19. എബ്രഹാം മാത്തൻ, ചെത്തോംകര വീട്, പഴവങ്ങാടി

20. ജി. സതീഷ്, ഭാസ്കരവിലാസം, ചെറുകുളഞ്ഞി പി.ഒ., റാന്നി

21. ഇ. സി. സന്തോഷ് കുമാർ, ഇഞ്ചോലിൽ വീട്, ഉതിമൂട്.

22. ടി. ടി. ജോസഫ്, തോപ്പിൽ പുത്തൻപുരയിൽ, ഉതിമൂട്.

23. ഫിലിപ്പ് പി. കുര്യാക്കോസ്, പുതുപറമ്പിൽകാമറ്റത്തിൽ, മന്ദിരം

24. കെ. ജി. സൂര്യ, കന്നാരിക്കൽ വീട്, തോട്ടമൺ

25. രോയി മാത്യു, പാറാനിക്കൽ വീട്, റാന്നി പി. ഒ.

26. പി. എച്ച്. ഷാജുദ്ധീൻ, പാറപ്പാട്ട് വീട്, പുതുശ്ശേരിമല

27. സൈജു വി. എസ്. നായർ, വലിയകാലയിൽ വീട്, പുതുശ്ശേരിമല പി.ഒ.

28. സി. കെ ബാലൻ, കേശവ വിലാസം, ചെല്ലക്കാട് പി.ഒ.

(ബി) ഉണ്ട്. 1969 – ലെ കേരള സഹകരണ സംഘം ആക്ട് വകുപ്പ് 28 ന്റെ ചട്ടം 35 (എ) ഉപചട്ടം (4) (2) എന്നിവ പ്രകാരം സംസ്ഥാന സഹകരണ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ 8-5-2015-ൽ പുറപ്പെടുവിച്ച ഇ(1)1791/15 എസ്.സി.ഇ.സി. നമ്പർ തെരഞ്ഞെടുപ്പ് വിജ്ഞാപനപ്രകാരമാണ് തെരഞ്ഞെടുപ്പ് നടന്നിട്ടുള്ളത്. വിജ്ഞാപനപ്രകാരം തെരഞ്ഞെടുപ്പിലൂടെ നികത്തപ്പെടേണ്ട ഒഴിവുകളുടെ എണ്ണത്തിൽ കൂടുതൽ അംഗങ്ങൾ മത്സര രംഗത്ത് ഇരാതെ മണ്ഡലങ്ങളിൽ ഇല്ലാതിരുന്ന സാഹചര്യത്തിൽ വോട്ടെടുപ്പ് വേണ്ടി വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംഘം തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(C)നമ്പർ 16889/2015(1) കേസ് നിലനിൽക്കുന്നുണ്ട്. 16-6-2015 ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) നം. 16889/2015(1) കേസിൽ 19-6-2015-ൽ ഭരണസമിതിയിലേക്കുള്ള തെരഞ്ഞെടുപ്പ് നടക്കുന്നതിനാൽ കോടതി തെരഞ്ഞെടുപ്പ് നടപടികളിൽ ഇടപെടുന്നില്ല എന്നും തെരഞ്ഞെടുപ്പ് നേരത്തെ തീരുമാനിച്ചതിൻപ്രകാരംതന്നെ നടത്താവുന്നതാണെന്നും തെരഞ്ഞെടുപ്പ് ഫലം റിട്ട് പെറ്റിഷന്റെ വിധിക്ക് വിധേയമായിരിക്കുമെന്നും ഇടക്കാല ഉത്തരവ് നൽകിയിട്ടുണ്ട്.

(ഡി) കോടതി നിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് തെരഞ്ഞെടുപ്പും ഫലപ്രഖ്യാപനവും നടത്തിയിട്ടുള്ളത്. കേസിനെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ 8-6-2015, 25-6-2015 എന്നീ തീയതികളിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

വായ്പാ പലിശ നിരക്ക്

91 (3245) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. എ. വാഹിദ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കൈത്തറിവ്യവസായവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളും ബാങ്കുകളും വിതരണം ചെയ്യുന്ന വായ്പകളിൽ പലിശനിരക്ക് കുറച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഏതെല്ലാം വായ്പകൾക്കാണ് പലിശനിരക്ക് കുറച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം തരം സംഘങ്ങൾക്കും ബാങ്കുകൾക്കുമാണ് ഇത് ബാധകമായിട്ടുള്ളത്;

(ഡി) ഏത് തീയതി മുതൽക്കാണ് ഇതിന് പ്രാബല്യമുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്നും നൽകുന്ന വിവിധ വായ്പകൾക്ക് ഈടാക്കാവുന്ന പരമാവധി പലിശ 15 ശതമാനമായും, സർഫ്ഫാസിയ വായ്പകൾക്ക് ഈടാക്കാവുന്ന പരമാവധി പലിശ നിരക്ക് 12 ശതമാനമായും, നിജപ്പെടുത്തികൊണ്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly